# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
20/10/2023

ROC.23/2023/VIG

## സർക്കുലർ

വിഷയം:- തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ചില ദേവസ്വങ്ങളിൽ ക്ഷേത്രത്തിന്റെ പവിത്രതയ്ക്കും ഭക്തജനങ്ങളുടെ താത്പര്യങ്ങൾക്കും വിരുദ്ധമായി ചില സംഘടനകൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച്.

സൂചന:- 1. ദേവസ്വം കമ്മീഷണറുടെ **30/03/2021**-ലെ **ROC.489/21/Vig** നമ്പർ സർക്കുലർ
2. **18/05/2023**-ലെ ബോർഡ് സർക്കുലർ നം.**ROC.17/23/Vig.**
3. **WP(C).4729/23,WP(C).5079/23** എന്നീ റിട്ട് പെറ്റീഷനുകളിൽ ബഹു:ഹൈക്കോടതി പുറപ്പെടുവിച്ച **14/02/2023** -ലെ വിധിന്യായം.
4. ബഹു:ഹൈക്കോടതിയുടെ **07/08/2023**-ലെ **WP(C).18621/2023** നമ്പർ വിധിന്യായം.
5. **29/09/2023**-ലെ **ROC.17/23/Vig.** നമ്പർ ബോർഡ് ഉത്തരവ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ചില ക്ഷേത്രങ്ങളിൽ ആർ.എസ്.എസ് സംഘടനയുടെ ശാഖകൾ പ്രവർത്തിക്കുന്നതായും ആയോധന പരിശീലന മുറകൾ ഉൾപ്പെടെ മാസ്സ്ഡ്രില്ലിൽ നടത്തുന്നതായും ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സൂചന (1) സർക്കുലർ പ്രകാരം അത്തരം നടപടികൾ ക്ഷേത്രാങ്കണത്തിലോ ക്ഷേത്ര വസ്തുക്കളിലോ നടത്തുന്നതിൽ നിന്നും ബന്ധപ്പെട്ടവരെ തടയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാർ, സബ്ഗ്രൂപ്പ് ആഫീസർമാർ എന്നിവരെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ, ടി ഉത്തരവ് കൃത്യമായി പാലിക്കപ്പെടുന്നില്ല എന്ന വസ്തുത ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സൂചന (1)-ലെ സർക്കുലർ നടപ്പാക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന അച്ചടക്കനടപടി സ്വീകരിക്കുന്നതാണെന്ന് ചൂണ്ടിക്കാട്ടി സൂചന (2) സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

എന്നാൽ, പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് ആർ.എസ്.എസും തീവ്രാശയങ്ങൾ പ്രചരിപ്പിക്കുന്ന ചില പ്രാദേശിക കൂട്ടായ്മകളും ക്ഷേത്ര ഭൂമിയിൽ അതിക്രമിച്ച് കയറി ക്ഷേത്രങ്ങളുടെ പവിത്രതയ്ക്കും, ഭക്തജനങ്ങളുടെ താത്പര്യത്തിനും, ക്ഷേത്ര മര്യാദകൾക്കും വിരുദ്ധമായി പ്രവർത്തിച്ചുവരുന്നതായി നിരവധി പരാതികൾ നേരിട്ടും അല്ലാതെയും ലഭിച്ചിട്ടുള്ളതാണ്. കൂടാതെ, ഇത്തരം സംഘടനകൾ രാത്രിയുടെ മറവിൽ ആയുധ പരിശീലനം ഉൾപ്പെടെയുള്ള ആയോധന മുറകൾ പരിശീലിക്കുന്നതായുള്ള സംശയവും ഭക്തജനങ്ങളുടെ പരാതിയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ക്ഷേത്രത്തിന്റെ ആചാരമര്യാദയ്ക്ക് വിരുദ്ധമായി ക്ഷേത്ര വളപ്പിൽ അതിക്രമിച്ച് കയറി സംഘം ചേരുന്നത് ചില ക്ഷേത്രങ്ങളിലെങ്കിലും ഇപ്പോൾ നടക്കുന്നതായി ഭക്തജനങ്ങൾ ചൂണ്ടിക്കാട്ടിയിട്ടുള്ളതായി അന്വേഷണ ഉദ്യോഗസ്ഥരുടെ പരിശോധനാ വേളയിലും കണ്ടെത്തിയിട്ടുണ്ട്. വർക്കല ഗ്രൂപ്പിലെ ശാർക്കര ദേവീ ക്ഷേത്രത്തിൽ പ്രസ്തുത വിഷയങ്ങൾ ഉൾപ്പെടുത്തി ഒരു കൂട്ടം ഭക്തർ നൽകിയിട്ടുള്ള ഹർജിയിന്മേൽ, ആർ.എസ്.എസ് നടത്തി വരുന്ന മാസ്ഡ്രില്ലും, ആയോധന പരിശീലനവും കർശനമായി നിർത്തലാക്കിക്കൊണ്ട് ബഹു:ഹൈക്കോടതി വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളതുമാണ് (സൂചന 4). ഈ സാഹചര്യത്തിൽ, ക്ഷേത്രങ്ങളിലെ ഭക്തിസാന്ദ്രവും സമാധാനപ്രദവും

(മറുപുറം..)

പവിത്രവുമായ അന്തരീക്ഷം തകർക്കുന്ന ടി സംഘടനകളുടെ പ്രവർത്തികൾ കണ്ടെത്തി TCHRI നിയമപ്രകാരം ദേവസ്വം ബോർഡിനെ ചുമതലപ്പെടുത്തിയിരിക്കുന്ന ക്ഷേത്ര സംരക്ഷണം എന്ന പ്രഥമ കർത്തവ്യം നടപ്പിൽ വരുത്തി ക്ഷേത്ര ചൈതന്യം വീണ്ടെടുക്കുന്നതിന് ചുവടെ വിവരിക്കും പ്രകാരമുള്ള നടപടികൾ യാതൊരു വീഴ്ചയും കൂടാതെ ഉദ്യോഗസ്ഥർ കർശനമായി സ്വീകരിക്കേണ്ടതാണ്.

1. **TCHRI** നിയമപ്രകാരം പ്രവർത്തിക്കുന്ന തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളിൽ ബോർഡിന്റെ അനുമതിയില്ലാതെ അനധികൃതമായി ക്ഷേത്ര വസ്തുവിൽ അതിക്രമിച്ച് കയറി ആർ.എസ്.എസും തീവ്രാശയങ്ങൾ പ്രചരിപ്പിക്കുന്ന സംഘങ്ങൾ ഉൾപ്പെടെ എല്ലാ കൂട്ടായ്മകളും പ്രവർത്തിക്കുന്നത് നിരോധിച്ചിരിക്കുന്നു.
2. ഇത്തരം സംഘടനകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ദേവസ്വത്തിന്റെ അനുമതിയില്ലാതെ ക്ഷേത്ര ചൈതന്യത്തിന് ഭംഗം വരുത്തുന്ന രീതിയിൽ പ്രവർത്തിക്കുന്നതിനെതിരെ നോട്ടീസ് നൽകുന്നത് ഉൾപ്പെടെയുള്ള നിയമനടപടികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതും വിവരം ദേവസ്വം ബോർഡിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.
3. സമാധാനപരമായ ക്ഷേത്ര പരിസരം തിരികെ കൊണ്ടുവരുന്നതിന് പോലീസ് വകുപ്പ്, ജില്ലാ ഭരണകൂടം എന്നിവരുടെ സേവനം ആവശ്യമെങ്കിൽ ആയത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
4. ക്ഷേത്രകാര്യങ്ങളുമായി ബന്ധമില്ലാത്ത ചിലരുടെ ചിത്രങ്ങൾ, ഫ്ളക്സുകൾ, കൊടി തോരണങ്ങൾ, രാഷ്ട്രീയ സാമുദായിക സംഘടനകളുമായി ബന്ധപ്പെട്ട ചിഹ്നങ്ങൾ എന്നിവ ഏതെങ്കിലും ക്ഷേത്രത്തിൽ (ക്ഷേത്ര ഉപദേശകസമിതിയുടെ ഓഫീസിൽ ഉൾപ്പെടെ) സ്ഥാപിച്ചിട്ടുണ്ടെങ്കിൽ അവ അടിയന്തിരമായി നീക്കം ചെയ്യുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനും സബ്ഗ്രൂപ്പ് ആഫീസർ / അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവർക്ക് ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ കർശന നിർദ്ദേശം നൽകേണ്ടതാണ്.
5. ആർ.എസ്.എസും തീവ്രാശയ പ്രചരണം നടത്തുന്ന സംഘടനകളുടെ ശാഖകൾ / കൂട്ടായ്മകൾ, മാസ്സ്ഡ്രിൽ, ആയോധന പരിശീലന കളരികൾ എന്നിവ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ നടക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് ദേവസ്വം വിജിലൻസ് വിഭാഗം മിന്നൽ പരിശോധന നടത്തി (രാത്രികാലങ്ങളിൽ ഉൾപ്പെടെ) റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. ക്ഷേത്ര പരിശോധന നടത്തുന്ന ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാരും ഇക്കാര്യം പ്രത്യേകം ശ്രദ്ധിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.
6. ടി സംഘടനകൾ തങ്ങളുടെ തന്നിഷ്ടപ്രകാരം രാഷ്ട്രീയമോ, സാമുദായികമോ ആയ സംഘടനകളുടേതാണെന്ന് തോന്നിപ്പിക്കുന്ന ഏക വർണ്ണത്തിലുള്ള കൊടി തോരണങ്ങൾ ഉത്സവാദി അടിയന്തിരങ്ങളോട് അനുബന്ധിച്ചോ അല്ലാതെയോ ക്ഷേത്രങ്ങളിലോ ക്ഷേത്ര പരിസരങ്ങളിലോ ക്ഷേത്ര പരിസരങ്ങൾക്ക് മുമ്പിലുള്ള പൊതുസ്ഥലങ്ങളിലോ കെട്ടുന്നതിനോ സ്ഥാപിക്കുന്നതിനോ പാടില്ല. ഇക്കാര്യത്തിൽ ബഹു:ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള സൂചന-3, 4 വിധികൾ പ്രകാരം ക്ഷേത്രങ്ങൾ അലങ്കരിക്കുന്നതിനും പവിത്രത നിലനിർത്തുന്നതിനുമുള്ള പരമാധികാരം ദേവസ്വം ബോർഡിൽ മാത്രം നിക്ഷിപ്തമാണ്.
7. ദേവീ ദേവ സന്നിധിയിലെ ചൈതന്യം നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്ന ഭക്തജനങ്ങളുടെ കൂട്ടായ്മകളിൽ നിന്നും കോടതി നിർദ്ദേശ പ്രകാരം രൂപീകരിച്ചിട്ടുള്ള ബൈലായുടെ അടിസ്ഥാനത്തിൽ മാത്രം തെരഞ്ഞെടുക്കുന്ന ക്ഷേത്ര ഉപദേശക സമിതികളെ കൂടാതെ യാതൊരുതരത്തിലുള്ള സമിതികളും ക്ഷേത്രത്തിൽ പ്രവർത്തിക്കുന്നതിന് അനുവാദമുള്ളതല്ല.

8. ആർ.എസ്.എസ്, തീവ്രാശയ പ്രചാരണ സംഘടനകൾ, മറ്റേതെങ്കിലും സമിതികൾ മുതലായവ ക്ഷേത്ര ഭൂമിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആ ക്ഷേത്രത്തിലെ ശാന്തിക്കാർ ഉൾപ്പെടെയുള്ള ക്ഷേത്ര ജീവനക്കാർ പ്രസ്തുത വിവരം മേലുദ്യോഗസ്ഥരെ അറിയിക്കേണ്ടതാണ്. അറിയിക്കുന്നതിലോ അറിയിപ്പ് ലഭിച്ച ശേഷം നടപടി സ്വീകരിക്കാതിരിക്കുകയോ ചെയ്യുന്നവർക്കെതിരെ കർശന അച്ചടക്കനടപടി സ്വീകരിക്കുന്നതായിരിക്കും.

9. ക്ഷേത്രോത്സവങ്ങൾ, ചടങ്ങുകൾ എന്നിവയോടനുബന്ധിച്ച് ദേവസ്വം ബോർഡിന് വേണ്ടി അതാത് ക്ഷേത്ര ഉപദേശകസമിതികൾ നോട്ടീസ്, ലഘുലേഖകൾ മുതലായവ അച്ചടിക്കാറുണ്ട്. എന്നാൽ, പ്രസ്തുത നോട്ടീസിലും ലഘുലേഖകളിലും ദേവസ്വത്തിന്റെ പ്രതിഷ്ഠയുമായിട്ടോ ആചാരപരമായതോ അല്ലാത്ത വ്യക്തികളുടെ ചിത്രങ്ങളും ചില ചിഹ്നങ്ങളും അവരുടേതായുള്ള വാചകങ്ങളും ചേർത്ത് അച്ചടിച്ച് വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ദേവസ്വം ബോർഡിന്റെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമാണ്. ആയതിനാൽ, ക്ഷേത്ര ഉപദേശകസമിതികൾ അച്ചടിക്കുന്ന നോട്ടീസ്, ലഘുലേഖകൾ എന്നിവയുടെ കരട് ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ അംഗീകരിച്ചാൽ മാത്രമേ ഉപദേശകസമിതികൾ അച്ചടിച്ച് വിതരണം ചെയ്യാവൂ. മാത്രമല്ല, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ കൂപ്പണുകൾ സീൽ ചെയ്യുന്നതിന് മുമ്പ് അംഗീകരിച്ച പ്രകാരമാണോ നോട്ടീസ് അച്ചടിച്ചിരിക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

10. ദേവസ്വങ്ങളിലെ അംഗീകൃത ഉപദേശകസമിതിയിലെ അംഗങ്ങൾ അടക്കമുള്ളവർ ദേവസ്വം ബോർഡിന് എതിരായി ക്ഷേത്രത്തിനകത്തോ ക്ഷേത്ര വസ്തുവിലോ മൈക്ക് സ്ഥാപിച്ച് 'നാമജപഘോഷം' എന്ന പേരിൽ പ്രതിഷേധ യോഗം ചേരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രവർത്തികൾ ക്ഷേത്രത്തിന്റെ സമാധാന അന്തരീക്ഷത്തിന് വിരുദ്ധമാണെന്ന് ദേവസ്വം കാണുന്നു. ഇത്തരത്തിൽ 'നാമജപഘോഷം' എന്ന പേരിലോ മറ്റേതെങ്കിലും നാമത്തിലോ പ്രതിഷേധ യോഗങ്ങൾ ക്ഷേത്ര വസ്തുക്കളിൽ ചേരുന്നത് നിരോധിക്കുന്നു. ഇത്തരം സാഹചര്യങ്ങൾ ഉണ്ടാകുന്ന പക്ഷം ബന്ധപ്പെട്ട ദേവസ്വം ഉദ്യോഗസ്ഥർ ശക്തമായ നിയമനടപടികൾ സ്വീകരിക്കേണ്ടതും വിവരം ബോർഡിനെ അറിയിക്കേണ്ടതുമാണ്.

11. മേലുത്തരവുകൾ ലംഘിക്കപ്പെടുന്ന സാഹചര്യം ഉണ്ടായാൽ ബഹു:ഹൈക്കോടതി ഉത്തരവുകളുടെ ലംഘനമായി കണ്ട് കോടതിയലക്ഷ്യ നടപടികൾ ബന്ധപ്പെട്ടവർ നേരിടേണ്ടി വരുമെന്ന കാര്യവും ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു.

ദേവസ്വം കമ്മീഷണർ

AR.20/10